DESPATCHED
26/02/22

23/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1906(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 16378/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 23**

ശ്രീ. കെ. മജീന്ദ്രൻ മാസ്റ്റർ,
തുഷാരം, നവരപ്പൊറ്റ,
കൊല്ലങ്കോട് പി.ഒ.,
പാലക്കാട് – 678 506 — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കൊല്ലങ്കോട്, പാലക്കാട് – 678 506.

2) അപ്പീൽ അധികാരി,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കൊല്ലങ്കോട്, പാലക്കാട് – 678 506 — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07/12/2021, 27/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.മജീന്ദ്രൻ മാസ്റ്റർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി അപൂർണ്ണവും അവ്യക്തവും വിവരങ്ങൾ മറച്ചു വച്ചുകൊണ്ടുള്ളതും അപ്പീൽ അധികാരിയുടെ വിലാസമോ അപ്പീൽ കാലാവധി സംബന്ധിച്ച് വിവരമോ നൽകാതെയുമുള്ള

മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളും ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 28.09.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും പകർപ്പുകളും നൽകണമെന്നാണ്:

i. ഹർജിക്കാരന്റെ "GIS Closure" അപേക്ഷ "Pay Revision Fixation" അപേക്ഷ (GO(P)No.27/2021/Fin Dated 10/2/2021) എന്നിവ ടി ഓഫീസിൽ ഹെഡ്മാസ്റ്റർ സമർപ്പിച്ച തീയതി ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും ഏതെല്ലാം വിഭാഗം ഉദ്യോഗസ്ഥരാണ് അപേക്ഷ പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതെന്നും അവരുടെ ഉദ്യോഗപേര്, അവരുടെ പേര്, അവർ ഇക്കാര്യത്തിൽ എടുത്ത തീരുമാനം, ആയതിന്റെ തീയതി (മാസം, ദിവസം) എന്നീ വിവരങ്ങൾ നൽകണമെന്നും

ii. പി.എഫ്.ക്ലോഷർ അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനകം അപേക്ഷ തീർപ്പാക്കി ജില്ലാ എ.പി.എഫ്.ഒ.ക്ക് സമർപ്പിക്കണമെന്നും എന്തെല്ലാം എപ്രകാരമാണ് സമർപ്പിക്കേണ്ടത് എന്നും ഇക്കാര്യത്തിൽ വ്യക്തമായ ഗവൺമെന്റ് ഉത്തരവുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

iii. കൊല്ലങ്കോട് എ.ഇ.ഒ. ഓഫീസിൽ ജോലി ചെയ്യുന്ന സീനിയർ സൂപ്രണ്ട്, പി.എഫ് സെക്ഷൻ ക്ലാർക്ക്, ഡെസ്പാച്ച് സെക്ഷൻ ക്ലാർക്ക് എന്നിവർ 2021 ജൂൺ മാസം മുതൽ സെപ്റ്റംബർ 30-ാം തീയതി വരെ ഓഫീസിൽ ഹാജരായി ഒപ്പിട്ട ഹാജർ പുസ്തകത്തിലെ പേജുകളുടെ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 04.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. മേൽപ്പടി മറുപടിയിൽ 1-ാം ഇനം ഒഴികെ മറ്റ് ഇനങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിലെ ക്രമ നമ്പർ: 2-ാം ചോദ്യത്തിനുള്ള മറുപടി ടി കാര്യാലയത്തിൽ നിന്ന് നൽകിയത് ക്രമപ്രകാരം തന്നെയാണെന്നും ഫയൽ നടപടി ക്രമങ്ങൾ സംബന്ധിച്ച് മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്നും ക്രമ നമ്പർ 3-ാം ചോദ്യത്തിനുള്ള മറുപടി ലഭിക്കുന്നതിനായി തുക ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നു

എന്നും പ്രസ്തുത തുക ടി കാര്യാലയത്തിൽ നേരിട്ടോ ട്രഷറിയിലോ ഒടുക്കി പകർപ്പ് ആവശ്യപ്പെടാവുന്നതാണെന്നും ക്രമ നമ്പർ: 4, 5, 6, 7, 8 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ടി കാര്യാലയത്തിലെ കത്തിൽ പ്രതിപാദിച്ചിട്ടുള്ളത് ക്രമപ്രകാരമാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1 മുതൽ 8 വരെയുള്ളവയ്ക്ക് ടി കാര്യാലയത്തിൽ നിന്നും സമയബന്ധിതമായി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ട പകർപ്പുകൾ നൽകുന്നതിനായി പകർപ്പ് ഫീ ചലാൻ ഒടുക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടും ചലാൻ ഒടുക്കി രേഖകൾ കൈപ്പറ്റാതെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണ് ചെയ്തിരുന്നതെന്നും ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി കത്തിൽ അപ്പീൽ അധികാരിയുടെ മേൽ വിലാസം ഉൾപ്പെടുത്താത്തത് ജോലി തിരക്കിനിടയിൽ ഉണ്ടായ വീഴ്ചയായി കാണുന്നു എന്നും ആയത് ഉൾപ്പെടുത്തി മറുപടി കത്ത് പിന്നീട് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ 11.11.2021-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ സമയപരിധിയ്ക്കകം തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 8 ഇനങ്ങളിലായി നൽകിയ അപേക്ഷയിലെ 2 മുതൽ 8 വരെയുള്ള ഇനങ്ങൾക്ക് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്നും നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ ചേർക്കാതെ മറുപടി നൽകി എന്നതുമാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. അപേക്ഷയിലെ 2-ാമത് ഇനത്തിൽ പി.എഫ്. ക്ലോഷർ അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനകം തീർപ്പാക്കി മേലധികാരി എ.പി.എഫ്.ഒ.യ്ക്ക് അയയ്ക്കണം എന്നത് ഭരണപരമായ നടപടി സ്വീകരിച്ച് വിവരം നൽകേണ്ട കാര്യമായതിനാൽ ഇക്കാര്യത്തിൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപകാത കാണുന്നില്ല. എന്നാൽ പകർപ്പ് ഫീ ആവശ്യപ്പെടുമ്പോൾ ആയതിന് ഒടുക്കേണ്ട ഫീസ് സംബന്ധിച്ച വിവരവും, തുക ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ടും വ്യക്തമാക്കി വേണം മറുപടി നൽകേണ്ടിയിരുന്നത്. ആയതിനാൽ ടി വിവരങ്ങൾ ചേർത്ത് മറുപടി നൽകുവാൻ ഭാവിയിൽ ശ്രദ്ധിക്കണമെന്നും സമയപരിധിയ്ക്കകം കൃത്യമായ മറുപടി നൽകിയിട്ടില്ലാത്തതിനാൽ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി 15.3.2022-നകം ഹർജിക്കാരന് നൽകണമെന്നും 6-ാമത് ഇനത്തിൽ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടാണ് ജീവനക്കാർ പുറത്ത് പോകുന്നത് എന്ന് മറുപടി

നൽകിയിട്ടുള്ളതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട കഴിഞ്ഞ 5 വർഷത്തെ മൂവ്മെന്റ് രജിസ്റ്റർ ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. 5–ാമത് ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് സംശയനിവാരണമായതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയില്ല. 7–ാമത് ഇനത്തിന് വെബ്സൈറ്റിൽ ലഭ്യമായ വിവരം നൽകേണ്ടതില്ല എന്നതിനാൽ ടി ഇനത്തിന് നൽകിയ മറുപടിയിലും 8–ാമത് ഇനത്തിന് നൽകിയ മറുപടിയിലും അപാകത കാണുന്നില്ല.

6. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് ഒരു പൊതു അധികാരിയുടെ ചുമതല. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് നിലവിലുള്ള അവരുടെ ചുമതലകളും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിർവ്വഹിച്ചു വരുന്നത്. ആയതിനാൽ ബൃഹത്തായതും ഹർജിക്കാരനോ സമൂഹത്തിനോ യാതൊരു ഗുണവും ചെയ്യാത്ത തരത്തിലുള്ള ചോദ്യങ്ങൾ ചോദിച്ച് പൊതുജനങ്ങൾക്ക് നൽകി വരുന്ന സേവനത്തിന് തടസ്സം വരാതെ ശ്രദ്ധിക്കേണ്ടത് ഓരോ അപേക്ഷകന്റെയും ചുമതലയാണെന്നും മാത്രമല്ല വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, വിശദീകരണം, സ്പഷ്ടീകരണം വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം എന്നീ ഗണത്തിൽ വരുന്ന കാര്യങ്ങളൊന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നു ഹർജിക്കാരനെ കമ്മീഷൻ ഓർമ്മിപ്പിക്കുന്നു.

7. ഹർജിക്കാരന് നൽകിയ മറുപടിയിൽ സംഭവിച്ച പിഴവ് ശ്രദ്ധയിപ്പെട്ടതിന് ശേഷം അപ്പീൽ അധികാരിയുടെ വിലാസം ഉൾപ്പെടുത്തി വൈകിയാണെങ്കിലും 30.12.2021–ന് മറുപടി നൽകിയിട്ടുള്ളത് കണക്കിലെടുത്ത് സംഭവിച്ച തെറ്റ് ബോധപൂർവ്വമായിരുന്നില്ല എന്ന് വിലയിരുത്തി, ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് എതിർകക്ഷികളോട് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

THIRUVANANTHAPURAM